# പ്രമേയം.8 സംസ്ക്കാരങ്ങളുടെ ഏറ്റുമുട്ടൽ
# (Confrontation of Cultures)

**1. അരാവാക്കിയൻ ലൂക്കോയകളുടെ ജീവിതം വിശകലനം ചെയ്യുക.**

- കരീബിയൻ ദ്വീപസമൂഹങ്ങളിൽ വസിച്ചിരുന്ന സമുദായമാണ് അരവാക്കിയൻ ലൂക്കോയസ് അഥവാ അരാവാക്കുകൾ. സംഘട്ടനത്തെക്കാൾ സന്ധി ചെയ്യുന്ന തിനാണ് അവർ പ്രാധാന്യം നൽകിയത്.അവർ ബോട്ടു നിർമ്മാണത്തിൽ വിദഗ്ദ്ധരായിരുന്നു. നായാട്ട്, മത്സ്യബന്ധനം, കൃഷി എന്നിവയായിരുന്നു അവരുടെ പ്രധാന തൊഴിലുകൾ. ബഹുഭാര്യാത്വം അവർക്കിടയിൽ സർവ്വ സാധാരണമായിരുന്നു. അചര വസ്തുക്കൾക്ക് ആത്മചൈതന്യമുണ്ടെന്ന് (സർവജീവത്വവാദികൾ) അവർ വിശ്വസിച്ചു. ഷമാൻമാർ ഇവർക്കിടയിൽ പ്രധാന പങ്കുവഹിച്ചിരുന്നു. അരാവാക്കുകൾ സ്വർണ്ണം ഉപയോഗിച്ചിരുന്നുവെങ്കിലും അതിന് മൂല്യം കല്പിച്ചിരുന്നില്ല. നെയ്ത്തുക ലയിൽ വിദഗ്ധരായിരുന്ന അവർ തൂക്കുമഞ്ചങ്ങൾ നിർമ്മിച്ചിരുന്നു. അരാവാക്കുകൾ ഉദാരമനസ്കരായിരുന്നു.

**2.ആസ്ടെക്കുകൾ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. ഈ പ്രസ്താവ നയെ വിലയിരുത്തുക.**

- എല്ലാ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുന്നതിന് ആസ്ടെക്കുകൾ പ്രാധാന്യം നൽകി. കുലീന കുടുംബങ്ങളിലെ കുട്ടികൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ കാൽമേകാക്(calmecac) എന്നറിയപ്പെട്ടു.സൈനിക നേതാവോ, മത നേതാവോ ആകുന്നതിനുള്ള പരിശീലനമാണിവിടെ നൽകിയിരുന്നത്. മറ്റെല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകിയിരുന്ന വിദ്യാലയമാണ് ടെപ്പോട്ച്കല്ലി (Tepochcalli) ചരിത്രം, ഐതിഹ്യങ്ങൾ, മതം, ആചാര സംബന്ധമായ ഗാനങ്ങൾ മുതലായവയാണ് ഇവിടെ പഠിപ്പിച്ചിരുന്നത്. ആൺ കുട്ടികൾക്ക് സൈനിക പരിശീലനത്തിനു പുറമേ കൃഷി, വ്യാപാരം എന്നിവയിലും പെൺകുട്ടികൾക്ക് ഗാർഹിക ജോലികളിലുമാണ് പരിശീലനം നൽകിയിരുന്നത്.

**3. ആസ്ടെക് - ഇൻകാ സംസ്കാരങ്ങൾക്ക് ചില പൊതു സവിശേഷതകൾ ഉണ്ടെങ്കിലും യൂറോപ്യൻ സംസ്ക്കാരങ്ങളിൽ നിന്നും ഇവ തീർത്തും വിഭിന്നമാണ്. സമർത്ഥിക്കുക.**

- സമൂഹത്തിൽ അധികാരശ്രേണികൾ ഉണ്ടായിരുന്നു.എന്നാൽ യൂറോപ്പിലെ പോലെ വിഭവങ്ങളെല്ലാം സ്വകാര്യ ഉടമസ്ഥതയിലായിരുന്നില്ല. പുരോഹിതരും, ഷമാന്മാരും ആദരിക്കപ്പെട്ടിരുന്നു. സ്വർണ്ണത്തിനോ, വെള്ളിക്കോ അവർ വലിയ മൂല്യം കൽപ്പിച്ചിരുന്നില്ല.

**4.ഭൂമിശാസ്ത്രപരമായ പര്യവേഷണ യാത്രകളുടെ പിന്നിലെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു.**

സമുദ്ര പര്യവേഷണ യാത്രകൾക്ക് സാമ്പത്തികം, മതപരം, രാഷ്ട്രീയം എന്നിങ്ങനെ മൂന്ന് ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു.

സാമ്പത്തികം :

- സ്വർണ്ണം, വെള്ളി, സുഗന്ധവ്യഞ്ജനങ്ങൾ മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ കൈവശപ്പെടുത്തുക എന്നതായിരുന്നു സാമ്പത്തിക ലക്ഷ്യം.

മതപരം:

- യൂറോപ്പിന് പുറത്ത് ക്രിസ്തുമതം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ട് ധാരാളം ക്രൈസ്തവ മിഷണറി മാർ സമുദ്ര യാത്രകൾക്ക് ഇറങ്ങിത്തിരിച്ചു.

രാഷ്ട്രീയം:

- പുതുതായി പിടിച്ചെടുക്കപ്പെടുന്ന പ്രദേശങ്ങളുടെ മേൽ രാഷ്ട്രീയാധിപത്യം നേടിയെടുക്കുന്നതിനും സമുദ്ര യാത്രകൾ ലക്ഷ്യമിട്ടു.

**5.ആസ്ടെക്കുകൾക്കെതിരെ കോർട്ടസിന്റെയും ബ്രസീലിനെതിരെ കബ്രാളിന്റെയും പോരാട്ടങ്ങൾ വിശദീകരിക്കുക.**

- മെക്സിക്കോ കീഴടക്കിയത് കോർട്ടസാണ്.1519 ൽ മെക്സിക്കോയിലേക്ക് പുറപ്പെട്ട കോർട്ടസ്, ടോടോനാക്സ് എന്ന സംഘവുമായി സൗഹൃദം സ്ഥാപിച്ചു.ടെനോച്ടിട്ലാൻ തലസ്ഥാനം കീഴടക്കുകയും ആസ്ടെക്ക് രാജാവ് മോണ്ടി സുമയെ കോർട്ടസ് വീട്ടു തടങ്കലിലാക്കുകയും ചെയ്തു. ആസ്ടെക്ക് ക്ഷേത്രങ്ങളിൽ ക്രിസ്ത്യൻ രൂപങ്ങൾ പ്രതിഷ്ഠിച്ചു. സ്വർണ്ണത്തിനു വേണ്ടിയുള്ള സ്പെയിൻകാരുടെ ആവശ്യം തദ്ദേശീയരെ കലാപത്തിലേക്ക് നയിച്ചു.ഇത് ആസ്ടെക്കുകളുടെ കൂട്ടക്കൊലയിൽ കലാശിച്ചു. യൂറോപ്യന്മാർക്കൊപ്പം വന്ന മാരകമായ വസൂരി രോഗം ബാധിച്ച് നിരവധി ആസ്ടെക്കുകൾ മരണത്തിനു കീഴടങ്ങി. രണ്ട് വർഷം കൊണ്ട് മെക്സിക്കോ പൂർണ്ണമായും കീഴടക്കാൻ

കോർട്ടസിന് സാധിച്ചു. മെക്സിക്കോയിലെ പുതിയ സ്പെയിനിന്റെ ക്യാപ്ടൻ ജനറലായി കോർട്ടസ് അവരോധിതനായി .

- പെഡ്രോ അൽവാരിസ് കബ്രാളിന്റെ നേതൃത്വത്തിൽ പോർച്ചുഗീസുകാരാണ് ബ്രസീൽ കീഴടക്കിയത്.ബ്രസീൽവുഡ് എന്ന മരത്തിന്റെ പേരിൽ നിന്നാണ് ഈ പ്രദേശത്തെ ബ്രസീൽ എന്നു നാമകരണം ചെയ്തത്.ബ്രസീൽവുഡ്മരം അവർ ചൂഷണം ചെയ്തു. പോർച്ചുഗൽ രാജാവ് ബ്രസീൽ തീരത്തെ പതിനാല് പരമ്പരാഗത ക്യാപ്റ്റൻസികളായി വിഭജിച്ചു. അവിടെ പോർച്ചുഗീസുകാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശവും തദ്ദേശീയരെ അടിമകളാക്കാനുള്ള അധികാരവും നൽകി. ബ്രസീലിൽ വലിയ കരിമ്പിൻ തോട്ടങ്ങൾ സ്ഥാപിക്കു കയും പഞ്ചസാര ഫാക്ടറികൾ ആരംഭിക്കുകയും ചെയ്തു. പഞ്ചസാര ഫാക്ടറികളിൽ തദ്ദേശവാസികളെ അടിമകളാക്കി പണിയെടുപ്പിച്ചു. ജസ്യൂട്ടുകൾ ബ്രസീലിലെത്തുകയും ക്രിസ്തുമതം തദ്ദേശീയരെ പഠിപ്പി ക്കാൻ ശ്രമിക്കുകയും ചെയ്തു.ജസ്യൂട്ടുകൾ അടിമത്തത്തെ ശക്തമായി നിഷേധിച്ചു.

**6.അമേരിക്കയിലെ യൂറോപ്യൻ കോളനിവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ വിവരിക്കുക.**

- സമുദ്രപര്യവേഷണ യാത്രകൾ യൂറോപ്പിലും, അമേരിക്കകളിലും, ആഫ്രിക്ക യിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. പതിനഞ്ചാം നൂറ്റാണ്ടു മുതൽ യൂറോപ്യൻ സമുദ്ര പദ്ധതികൾ, സമുദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്ന ജലമാർഗങ്ങളെ കുറിച്ചുള്ള അറിവുകൾ നൽകിയിരുന്നു. ഇതിനു മുമ്പ് ഈ സമുദ്രമാർഗങ്ങളിൽ മിക്കവയും യൂറോപ്യന്മാർക്ക് അജ്ഞാതമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ഈ സാഹസികയാത്രകളെല്ലാം നിർവ്വഹിക്കപ്പെട്ടു.

- യൂറോപ്പിനെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെ കണ്ടുപിടിത്തം പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. സ്വർണ്ണത്തിന്റെയും, വെള്ളിയുടെയും പ്രവാഹം അന്തർദ്ദേശീയ വ്യാപാരത്തെയും, വ്യവസായവത്ക്കരണത്തെയും സഹായിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, ബൽജിയം, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങൾ ജോയിന്റ് സ്റ്റോക്ക് കമ്പനികൾ രൂപീകരിക്കുകയും കോളനികൾ സ്ഥാപിക്കുകയും ചെയ്തു. അമേരിക്കയിൽ നിന്നുള്ള പുതിയ വിളകൾ (ഉരുളക്കിഴങ്ങ്, മുളക് ) യൂറോപ്പിൽ സുപരിചിതമായിത്തീർന്നു.പിന്നീട് ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ യൂറോപ്യർ ഇവ പ്രചരിപ്പിച്ചു.

- യൂറോപ്യന്മാരുടെ അധിനിവേശം, തദ്ദേശിയരെ സംബന്ധിച്ചിടത്തോളം വിനാശകരമായിരുന്നു. പ്രാദേശിക ജനതയെ ഇല്ലായ്മ ചെയ്തതോടൊപ്പം അവരുടെ ജീവിത രീതികളും നശിപ്പിക്കപ്പെട്ടു.ഖനികളിലും തോട്ടങ്ങളിലും മില്ലുകളിലും അവർ അടിമകളാക്കപ്പെട്ടു.
- ആസ്ടെക് - ഇൻകാ സംസ്കാരങ്ങളുടെ പെട്ടെന്നുള്ള തകർച്ച, രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം ഉയർത്തിക്കാട്ടുന്നു. തദ്ദേശീയരെ മാനസികമായും, ശാരീരികമായും ഭയപ്പെടുത്തുന്ന ഒരു യുദ്ധതന്ത്രമാണ് യൂറോപ്യന്മാർ അവലംബിച്ചത്.ഇരുകൂട്ടരുടെയും മൂല്യങ്ങളിലുള്ള വ്യത്യാസങ്ങൾ അത് വെളിപ്പെടുത്തി
- ഏറ്റുമുട്ടലിന്റെ കൊടും ക്രൂരത ഓർമ്മിപ്പിക്കുന്നതായിരുന്നു തദ്ദേശീയ ജനത യുടെ അടിമത്തം. അടിമത്തം പുതിയൊരു ആശയമായിരുന്നില്ല.എന്നാൽ തെക്കേ അമേരിക്കയിലെ അനുഭവം പുതിയതായിരുന്നു. അത് പുതിയ മുതലാളിത്ത വ്യവസ്ഥയ്ക്കൊപ്പം ഉയർന്നു വന്നതാണ്. തൊഴിൽ സാഹചര്യങ്ങൾ ഭീകരമായിരുന്നു. എങ്കിലും ചൂഷണം തങ്ങളുടെ സാമ്പത്തിക നേട്ടത്തിന് അനിവാര്യമാണെന്ന് സ്പെയിൻ കണക്കാക്കി.

**7.ദക്ഷിണ അമേരിക്കയിലും, മധ്യ അമേരിക്കയിലും യൂറോപ്യന്മാർ അഭിമുഖീകരിച്ച പ്രാചീന സംസ്ക്കാരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുക.**

ദക്ഷിണ അമേരിക്കയിലും, മധ്യ അമേരിക്കയിലും സുസംഘടിതരാഷ്ട്രങ്ങൾ നില നിന്നിരുന്നു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് ആസ്ടെക്, മായൻ, ഇൻകാ സംസ്കാരങ്ങൾ .

<u>ആസ്ടെക് സംസ്ക്കാരം</u>

- പന്ത്രണ്ടാം നൂറ്റാണ്ടിൽ മെക്സിക്കോ കേന്ദ്രമായി നിലനിന്നിരുന്ന സംസ്ക്കാരമാണ് ആസ്ടെക് സംസ്കാരം. അധികാരശ്രേണിയിലധിഷ്ഠിതമായ സമൂഹമായിരുന്നു ആസ്ടെക്കുകളുടേത്.സമൂഹത്തിൽ പ്രഭുക്കന്മാർ ആധിപത്യം പുലർത്തി. കുലീന വർഗം അവർക്കിടയിൽ നിന്ന് ശ്രേഷ്ഠനായ ഒരു നേതാവിനെ കണ്ടെത്തുകയും മരണം വരെ അയാൾ ഭരണം നടത്തുകയും ചെയ്തു. രാജാവ് ഭൂമിയിലെ സൂര്യദേവന്റെ പ്രതിനിധിയായി കണക്കാക്കപ്പെട്ടിരുന്നു. യോദ്ധാക്കൾ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവർ സമൂഹത്തിൽ ആദരിക്കപ്പെട്ടിരുന്നു. വ്യാപാരികളും പല

ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു. നയതന്ത്ര പ്രതിനിധികളായും ചാരന്മാരായും അവർ പ്രവർത്തിച്ചിരുന്നു.

- ഭൂമി പരിമിതമായിരുന്നതിനാൽ ആസ്ടെക്കുകൾ ഭൂമി വീണ്ടെടുത്ത് കൃഷിക്ക് ഉപയുക്തമാക്കുന്ന രീതി സ്വീകരിച്ചിരുന്നു.അവർ മെക്സിക്കോ തടാകത്തിൽ ചിനമ്പകൾ അഥവാ കൃത്രിമ ദ്വീപുകൾ നിർമ്മിച്ചു. ദ്വീപുകൾക്കിടയിൽ അവർ കനാലുകളും നിർമ്മിച്ചു.ചോളം, ബീൻസ്, കുമ്പളങ്ങ, മത്തങ്ങ, മരച്ചീനി, ഉരുള ക്കിഴങ്ങ് തുടങ്ങിയ വിളകൾ അവർ കൃഷി ചെയ്തിരുന്നു. ഭൂമിയുടെ അവകാശം വ്യക്തികൾക്കായിരുന്നില്ല , മറിച്ച് കുലത്തിനായിരുന്നു. 1325 ൽ അവർ ടെനോച്ടി ട്ലാൻ  എന്ന തലസ്ഥാന നഗരം നിർമ്മിച്ചു.
- തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ആസ്ടെക്കുകൾ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. കുലീന കുടുംബങ്ങളിലെ കുട്ടികൾക്ക് കൽമേകാക് എന്നറിയപ്പെട്ട പരിശീലന കേന്ദ്രങ്ങളിൽ നിന്ന് സൈനിക മത നേതാവാകുന്നതിനുള്ള പരിശീലനം നൽകി.മറ്റെല്ലാ വിഭാഗങ്ങളും ടെപ്പോച്കല്ലി എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് ചരിത്രം, ഐതിഹ്യങ്ങൾ, മതം, ആചാര സംബന്ധമായ ഗാനങ്ങൾ മുതലായ വിഷയങ്ങൾ പഠിച്ചു. ആൺകുട്ടികൾക്ക് സൈനികപരിശീലനം, കൃഷി, വ്യാപാരം എന്നിവയിലും പെൺകുട്ടികൾക്ക് ഗാർഹിക ജോലികളിലുമാണ് പരിശീലനം നൽകിയിരുന്നത്.

<u>മായൻ സംസ്കാരം</u>

- മെക്സിക്കോയിലെ മായൻ സംസ്കാരം 11ഉം,14ഉം നൂറ്റാണ്ടുകൾക്കിടയിലാണ് വികാസം പ്രാപിച്ചത്. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ആസ്ടെക്കുകളെക്കാൾ കുറഞ്ഞ രാഷ്ട്രീയാധികാരമേ അവർക്കുണ്ടായിരുന്നുള്ളൂ.
- മായൻ സംസ്കാരത്തിന്റെ കേന്ദ്ര ബിന്ദു ചോളം കൃഷിയായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട നിരവധി മതാചാരങ്ങൾ ഉണ്ടായിരുന്നു. കാർഷിക രംഗത്ത് മിച്ചോല്പാദനം നടത്താൻ അവർക്ക് കഴിഞ്ഞിരുന്നു. അതുപയോഗിച്ച് ഭരണ വർഗങ്ങളും, പുരോ ഹിതരും, മുഖ്യന്മാരും വാസ്തുശില്പ നിർമ്മാണം നടത്തുകയും ചെയ്തിരുന്നു. വാനനിരീക്ഷണശാസ്ത്രം, ഗണിത ശാസ്ത്രം എന്നീ മേഖലകളുടെ വികസനത്തിനും ഉപയോഗപ്പെടുത്തി ചിത്രലിപി രൂപത്തിലുള്ള എഴുത്തുവിദ്യ അവർ വികസിപ്പിച്ചെ ടുത്തിരുന്നു.

ഇൻകാ സംസ്കാരം

- തെക്കേ അമേരിക്കയിലെ ഏറ്റവും വലിയ തദ്ദേശീയ സംസ്കാരമാണ് പെറുവിലെ ഇൻകാ സംസ്കാരം. ആദ്യത്തെ ഇൻകാ മാൻകോ കപാക് കുസ്കോയിൽ തന്റെ തലസ്ഥാന നഗരം സ്ഥാപിച്ചു. ഇക്വഡോർ മുതൽ ചിലി വരെ 3000 മൈൽ വ്യാപിച്ചുകിടക്കുന്നതായിരുന്നു ഇൻകാ സാമ്രാജ്യം.
- ഇൻകാ സാമ്രാജ്യം കേന്ദ്രീകൃതമായിരുന്നു. രാജാവായിരുന്നു പരമാധികാരി. എല്ലാ പ്രജകളും കൊട്ടാരഭാഷയായ കെച്ച് വാ സംസാരിക്കണമായിരുന്നു. ഓരോ ഗോത്രവും ഭരിച്ചിരുന്നത് മുതിർന്നവരുടെ സ്വതന്ത്ര സമിതികളായിരുന്നു. ഗോത്രങ്ങൾ രാജാവിനോട് കൂറുപുലർത്തണമായിരുന്നു. ഇൻകാകൾ വിസ്മയകരമായ കെട്ടിട നിർമ്മാതാക്കളായിരുന്നു. പർവ്വതനിരകളിലൂടെ അവർ റോഡുകൾ നിർമ്മിച്ചിരുന്നു. കൃത്യമായി കൊത്തിയെടുക്കുന്ന കൽപാളികൾ ഉപയോഗിച്ച് കോട്ടകൾ നിർമ്മിച്ചിരുന്നു. മനുഷ്യാധ്വാനമാണ് ഇതിനുപയോഗിച്ചത്. ഇൻകാ സംസ്കാരത്തിന്റെ അടിസ്ഥാനം കൃഷിയായിരുന്നു. കുന്നിൻ ചെരിവുകളിൽ തട്ടുകളായിട്ടാണ് കൃഷി ചെയ്തിരുന്നത്. ജലസേചന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തിരുന്നു. ചോളവും, ഉരുളക്കിഴങ്ങുമാണ് പ്രധാന വിളകൾ. അവരുടെ നെയ്ത്തു വിദ്യയും, മൺപാത നിർമ്മാണവും ഉയർന്ന നിലവാരത്തിലുള്ളതായിരുന്നു.ക്വിപു (Quipu) എന്ന കണക്കു രേഖപ്പെടുത്തൽ സമ്പ്രദായം അവർക്കിടയിൽ നിലനിന്നിരുന്നു.

****************************************************

# പ്രമേയം 9.വ്യാവസായിക വിപ്ലവം

# (The Industrial Revolution)

**1.വ്യാവസായിക വിപ്ലവം ബ്രിട്ടനിൽ ആരംഭിച്ചത് എന്ത് കൊണ്ട് ? വിവരിക്കുക.**

വ്യാവസായിക വിപ്ലവം ആദ്യമായി ഉണ്ടായ രാജ്യം ബ്രിട്ടനാണ്. വ്യാവസായിക വിപ്ലവം ബ്രിട്ടനിൽ ആരംഭിക്കാനുണ്ടായ കാരണങ്ങൾ താഴെ കൊടുക്കുന്നു.

1. രാഷ്ട്രീയ സുസ്ഥിരത

- പതിനേഴാം നൂറ്റാണ്ടു മുതൽ ബ്രിട്ടൻ രാഷ്ട്രീയ സുസ്ഥിരത കൈവരിച്ചു. ഒരു

രാജവാഴ്ചയ്ക്കു കീഴിൽ ഇംഗ്ലണ്ടും , വെയ്ൽസും സ്കോട്ട്ലൻഡും ഏകീകരിക്കപ്പെട്ടു.ബ്രിട്ടന് പൊതു നിയമങ്ങൾ, ഒരൊറ്റ നാണയ വ്യവസ്ഥ, പൊതുകമ്പോളം എന്നിവയുണ്ടായിരുന്നു

2. പണത്തിന്റെ വ്യാപകമായ ഉപയോഗം

- പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പണം ഒരു പ്രധാന കൈമാറ്റ ഉപാധിയായി.തൊഴിലാളികൾക്കു അവരുടെ വരുമാനം സാധങ്ങൾക്കു പകരം ശമ്പളമായി ലഭിക്കാൻ തുടങ്ങി.ഇതോടെ ജനങ്ങൾക്ക് അവരുടെ വരുമാനം ചെലവിടാൻ വിവിധ മാർഗ്ഗങ്ങൾ തെളിഞ്ഞു വന്നു.

3. കാർഷിക വിപ്ലവം

- വലിയ ഭൂവുടമകൾ തങ്ങളുടെ ഭൂസ്വത്തിനു സമീപത്തുള്ള ചെറിയ കൃഷി ഭൂമികൾ വാരിക്കൂട്ടി. വേലി കെട്ടി അവ വലിയ കൃഷിയിടങ്ങളാക്കി മാറ്റി. അതിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചു. ഭൂമി നഷ്ടപ്പെട്ട കർഷകർ പട്ടണങ്ങളിലേക്കു കുടിയേറി..

4.പട്ടണങ്ങൾ, വ്യാപാരം, ധനം

- പതിനെട്ടാം നൂറ്റാണ്ടു മുതൽ യൂറോപ്പിലെ പട്ടണങ്ങൾ ഗണ്യമായ വളർച്ച കൈവരിച്ചു. 1750 -നും 1800 നും ഇടയിൽ ജനസംഖ്യ ഇരട്ടിച്ച 19 യൂറോപ്യൻ പട്ടണങ്ങളിൽ 11 ഉം ബ്രിട്ടനിൽ ആയിരുന്നു. അക്കാലത്തെ ഏറ്റവും വലിയ പട്ടണം ലണ്ടൻ ആയിരുന്നു.രാജ്യത്തെ കമ്പോളങ്ങളുടെ, കേന്ദ്രമായിരുന്നു ഇത്. കടൽത്തീരവും നദികളും ചരക്കു നീക്കം സുഗമമാക്കി. റെയിൽവേയുടെ കണ്ടുപിടുത്തത്തിന് മുമ്പ് ജലപാതയിരുന്നു ചെലവു ചുരുങ്ങിയതും വേഗതയേറിയതുമായ മാർഗം. രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തിന്റെ കേന്ദ്രം 1694 ൽ സ്ഥാപിതമായ ബാങ്ക് ഓഫ് ഇംഗ്ലണ്ട് ആയിരുന്നു. 1784 - ഓടേ ഇംഗ്ലണ്ടിൽ നൂറിലധികം പ്രവിശ്യാ ബാങ്കുകൾ നിലവിൽ വന്നു. 1820 കൾ ആയപ്പോൾ വിവിധ പ്രവിശ്യകളിലായി അറുനൂറിലധികം ബാങ്കുകൾ നിലവിൽ വന്നു. വലിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനുമാവശ്യമായ സാമ്പത്തിക സഹായമാണ് ബാങ്കുകൾ നിറവേറ്റിയിരുന്നത്.

**2. പതിനെട്ടാം നൂറ്റാണ്ടാകുമ്പോൾ ലണ്ടൻ ആഗോള പ്രാധാന്യം കൈവരിച്ചു എങ്ങനെ ? വിശദമാക്കുക.**

- പതിനെട്ടാം നൂറ്റാണ്ടോടു കൂടി മെഡിറ്ററേനിയൻ തീരത്തുള്ള ഇറ്റലിയിലെയും ഫ്രാൻസിലെയും തുറമുഖങ്ങൾക്ക് ആഗോള വ്യാപാരത്തിന്റെ കേന്ദ്രം എന്ന സ്ഥാനം നഷ്ടമായി. ഹോളണ്ടിലെയും ബ്രിട്ടനിലെയും അറ്റ്ലാന്റിക്ക് തുറമുഖങ്ങൾ ഈ സ്ഥാനം സ്വന്തമാക്കുകയും ചെയ്തു. അന്താരാഷ്ട്രാ വ്യാപാരത്തിന്റെ പ്രധാന വായ്പാ കേന്ദ്രം എന്ന ആംസ്റ്റർഡാമിന്റെ സ്ഥാനം ലണ്ടൻ നേടിയെടുത്തു. ഇംഗ്ലണ്ട്, ആഫ്രിക്ക, വെസ്റ്റിൻഡീസ് എന്നിവയടങ്ങുന്ന ത്രികോണ വ്യാപാര ശൃംഖലയുടെ കേന്ദ്ര ബിന്ദുവായും ലണ്ടൻ മാറി. അമേരിക്കയിലും ഏഷ്യയിലും വ്യാപാരം നടത്തുന്ന കമ്പനികൾക്കും ലണ്ടനിൽ ഓഫീസുകൾ ഉണ്ടായിരുന്നു.

**3..കൽക്കരി - ഇരുമ്പു വ്യവസായം, പരുത്തി വ്യവസായം, ആവിശക്തി എന്നീ മേഖലകളിലെ പ്രധാന കണ്ടുപിടുത്തങ്ങളും മാറ്റങ്ങളും പരിശോധിക്കുക. അവ എങ്ങനെ വ്യാവസായിക വിപ്ലവത്തെ സഹായിച്ചു എന്ന് വിശകലനം ചെയ്യുക.**

- ഇരുമ്പ് ഉരുക്കിയെടുക്കുന്നതിന് ഉപയാഗിച്ചിരുന്നത് മരക്കരി ആയിരുന്നു. എന്നാൽ ഇതിനു ചില പരിമിതി ഉണ്ടായിരുന്നു.ഉറപ്പില്ലാത്ത മരക്കരി വിദൂര സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല.മരക്കരിയിലെ മാലിന്യം കലർന്ന ഗുണ നിലവാരം കുറഞ്ഞ ഇരുമ്പാണ് ലഭിച്ചിരുന്നത് കൂടാതെ മരക്കരിക്ക് ഉയർന്ന താപം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ല.ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തിയത് ഡാർബി കുടുംബമാണ്.ലോഹസംസ്കരണ വ്യവസായ രംഗത്ത് ഒരു വിപ്ലവം സൃഷ്ടിക്കാൻ ഡാർബി കുടുംബത്തിന് കഴിഞ്ഞു. ആദ്യത്തെ എബ്രഹാം ഡാർബി ഒരു ലോഹച്ചൂള ( ബ്ലാസ്റ്റ് ഫർനസ് ) നിർമ്മിച്ചു.രണ്ടാമത്തെ ഡാർബി പച്ചിരുമ്പിൽ നിന്ന് വാർപ്പിരുമ്പ് വികസിപ്പിച്ചെടുത്തു.മൂന്നാമത്തെ ഡാർബി ലോകത്തിലെ ആദ്യത്തെ ഇരുമ്പു പാലം പണികഴിപ്പിച്ചു.ഹെൻറി കോർട്ട് ഉരുക്കിയ ഇരുമ്പിൽ നിന്ന് മാലിന്യം നീക്കം ചെയ്യാനുള്ള പുഡ്ലിങ്ങ് ഫർനസും ഇരുമ്പു പാളികൾ നിർമ്മിക്കുന്നതിനുള്ള റോളിങ്ങ് മില്ലും കണ്ടുപിടിച്ചു..ജോൺ വിൽക്കിൻസൺ ജലക്കുഴലുകൾ നിർമ്മിച്ചു .

- പരുത്തിതുണി വ്യവസായത്തിലെ പ്രധാന കണ്ടുപിടുത്തങ്ങൾ താഴെപറയുന്നവയാണ്.

  - ഫ്ലയിങ് ഷട്ടിൽ - ജോൺ കെ
  - സ്പിന്നിങ് ജെന്നി - ജെയിംസ് ഹാർഗ്രീവ്സ്

- വാട്ടർ ഫ്രെയിം - റിച്ചാർഡ് ആർക്ക് റൈറ്റ്
- മ്യുൾ - സാമുവൽ ക്രോംപ്ടൺ
- പവർ ലൂം - എഡ്മണ്ട് കാർട്ട് റൈറ്റ്

- യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നൂറ്റാണ്ടുകളായി ഉപയോഗിച്ചു പോന്നിരുന്നത് ജലോർജ്ജം ആണ്.എന്നാൽ ഉയർന്ന ഊഷ്മാവിൽ സമ്മർദ്ദം നൽകിക്കൊണ്ട് വൻകിട യന്ത്രങ്ങൾ പോലും പ്രവർത്തിപ്പിക്കാൻ ആവിശക്തിക്ക് കഴിഞ്ഞു. ആവിശക്തി ആദ്യമായി ഉപയാഗിച്ചത് ഖനന വ്യവസായങ്ങളിലാണ്.ഖനികളിൽ നിന്ന് ജലം പമ്പ് ചെയ്തു കളയുന്നതിനായി തോമസ് സാവെറി "മൈനേഴ്സ്ഫ്രണ്ട്" എന്ന പേരിൽ ഒരു മാതൃകാ ആവിയന്ത്രം കണ്ടുപിടിച്ചു. പിന്നീട് തോമസ് ന്യൂകോമൻ മറ്റൊരു ആവിയന്ത്രം കണ്ടുപിടിച്ചു.എന്നാൽ 1769 ൽ ജെയിംസ് വാട്ട് എല്ലാ വ്യവസായങ്ങളിലും പ്രവർത്തിപ്പിക്കാൻ പറ്റിയ ഒരു ആവിയന്ത്രം വികസിപ്പിച്ചെടുത്തു. അദ്ദേഹത്തിന്റെ സുഹൃത്തായ മാത്യു ബുൾട്ടന്റെ സഹായത്തോടെ ആവിയന്ത്രം നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി ബർമിങ്ഹാമിൽ നിർമ്മിച്ചു .

**4.വ്യാവസായിക വിപ്ലവം ത്വരിതപ്പെടുത്തുന്നതിൽ കനാലുകളും റെയിൽവെയും വഹിച്ച പങ്ക് പരിശോധിക്കുക.**

- വ്യാവസായിക വിപ്ലവത്തിന്റെ മറ്റൊരു സവിശേഷത ഗതാഗത രംഗത്ത് ഉണ്ടായ മാറ്റങ്ങൾ ആണ്.നഗരങ്ങളിലേക്ക് കൽക്കരി എത്തിക്കുന്നതിനാണ് കനാലുകൾ ആദ്യമായി നിർമ്മിക്കപ്പെട്ടത് ആദ്യകാല കനാലുകളിൽ ഏറ്റവും ശ്രദ്ധേയമായത് ജെയിംസ് ബ്രിൻഡ്‌ലി നിർമ്മിച്ച വാഴ്സലി കനാൽ ആണ്. 1788 മുതൽ 1796 വരെയുള്ള കാലഘട്ടം കനാൽ മാനിയ എന്നറിയപ്പെടുന്നു.ഈ കാലഘട്ടത്തിൽ 46 പുതിയ കനാൽ നിർമ്മാണ പദ്ധതികൾക്ക് തുടക്കം കുറിക്കപ്പെട്ടു.

- ഗതാഗതരംഗത്തെ ഏറ്റവും വിസ്മയകരമായ മാറ്റം റെയിൽവെയുടെ വികാസമാണ്. ജോർജ് സ്റ്റീഫൻസൺ ഒരു റെയിൽവേ യുഗത്തിന് തന്നെ തുടക്കം കുറിച്ചു. 1814 ൽ അദ്ദേഹം റോക്കറ്റ് എന്ന ആവിയന്ത്രം കൊണ്ട് പ്രവർത്തിക്കുന്ന ആദ്യ തീവണ്ടി പുറത്തിറക്കി. 1760 കളിൽ തടികൊണ്ട് ഉപയാഗിച്ചിരുന്ന പാളങ്ങൾക്ക് പകരം ഇരുമ്പ് പാളങ്ങൾ നിലവിൽവന്നു.1801 ൽ റിച്ചാർഡ് ട്രെവിത്തിക്ക് "പഫിങ് ഡെവിൾ" എന്നറിയപ്പെട്ട ഒരു യന്ത്രം വികസിപ്പിച്ചെടുത്തു. ഖനികൾക്ക് ചുറ്റുമായി ട്രക്കുകൾ വലിച്ചു കൊണ്ടു

പോകുന്നതിന് ഈ യന്ത്രം ഉപയാഗിക്കപ്പെട്ടു.1814 ൽ ജോർജ് സ്റ്റീഫൻസൺ "ബ്ലച്ചർ" എന്ന് പേരുള്ള ഒരു തീവണ്ടി നിർമ്മിച്ചു.1830 ൽ ലിവർപൂളിനെയും മാഞ്ചസ്റ്ററിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു റെയിൽപ്പാതയ്ക്ക് സ്റ്റീഫൻസൺ രൂപകല്പന നൽകി.1830 നും 1850 നും മധ്യേ 6000 നാഴിക ദൂരത്തിലുള്ള റെയിൽവേപ്പാത ഇംഗ്ലണ്ടിൽ തുറക്കപ്പെട്ടു. ചെറിയ റെയിൽവേ മാനിയയുടെ കാലത്ത് 1400 നാഴിക ദൂരത്തിലും വലിയ റെയിൽവെ മാനിയയുടെ കാലത്ത് 9500 നാഴിക ദൂരത്തിലും റെയിൽവേ പാതകൾ നിർമ്മിക്കപ്പെട്ടു.

**5.വ്യാവസായിക വിപ്ലവത്തിന്റെ സ്വാധീനം വിലയിരുത്തുക.**

- മാറിയജീവിതങ്ങൾ:
- വ്യവസായവൽക്കരണവും നഗരവൽക്കരണവും സാധാരണജനങ്ങളുടെ, ജീവിതത്തെ സാരമായി ബാധിച്ചു. തകർന്ന കുടുംബങ്ങൾ, പുതിയ മേൽ വിലാസങ്ങൾ, ഹീനമായ നഗരങ്ങൾ, ഫാക്ടറികളിലെ നടുക്കുന്ന ജോലി സാഹചര്യങ്ങൾ എന്നിവ ഇതിന്റെ മോശം ഫലങ്ങളാണ്. നഗരങ്ങളിൽ താമസസൗകര്യവും ശുചീകരണ സൗകര്യവും പരിമിതമായിരുന്നു.വേണ്ടത്ര ശുദ്ധജലം പോലും ലഭ്യമായിരുന്നില്ല.ജനങ്ങൾ ചേരികളിൽ തിങ്ങി ഞെരുങ്ങി ജീവിക്കാൻ നിർബന്ധിതരായി.
- തൊഴിലാളികളുടെ ആയുർദൈർഘ്യം കുറഞ്ഞു. സാംക്രമികരോഗങ്ങളായിരുന്നു ഇതിനു കാരണം. ജല മലിനീകരണത്തിലൂടെ പടർന്ന കോളറയും ടൈഫോയിഡും അന്തരീക്ഷത്തിലൂടെ പടർന്നുപിടിച്ച ക്ഷയവും അനേകം തൊഴിലാളികളുടെ ജീവൻ അപഹരിച്ചു.
- സ്ത്രീകളും കുട്ടികളും വ്യവസായവൽക്കരണവും
- വ്യവസായവൽക്കരണത്തിന്റെ ഏറ്റവും വലിയ ദൂഷ്യഫലങ്ങളിൽ ഒന്നായിരുന്നു ബാലവേലയും സ്ത്രീ ചൂഷണവും.നഗരങ്ങളിലെ ഫാക്ടറികളിലും ഖനികളിലും സ്ത്രീകളെയും കുട്ടികളെയും പണിയെടുപ്പിച്ചിരുന്നു.കടുത്ത അച്ചടക്കത്തിൽ ദീർഘ നേരം തുടർച്ചയായി അവർക്ക് പണിയെടുക്കേണ്ടി വന്നു.എന്തെങ്കിലും പിഴവ് സംഭവിച്ചാൽ പല രീതിയിലുള്ള കടുത്ത ശിക്ഷകൾ അവർക്ക് നൽകിയിരുന്നു.സ്ത്രീകൾക്കും കുട്ടികൾക്കും കുറഞ്ഞ കൂലി മാത്രമാണ് ലഭിച്ചിരുന്നത്. പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് അവർക്ക് നൽകിയിരുന്നത്. ബാലവേല അങ്ങേയറ്റം ക്രൂരമായിരുന്നു.സ്പിന്നിങ് ജെന്നി

പോലെയുള്ള യന്ത്രങ്ങൾ കുട്ടികളെ കൊണ്ട് പ്രവർത്തിപ്പിക്കാവുന്നരീതിയിലാണ് രൂപകല്പന ചെയ്തിരുന്നത്. ഇടുങ്ങിയ യന്ത്രങ്ങൾക്കിടയിലൂടെ നീങ്ങുവാൻ കുട്ടികളെ കൊണ്ടുമാത്രം സാധ്യമായിരുന്നു.അതിനാലാണ് അവരെ തുണി മില്ലുകളിൽ നിയമിച്ചിരുന്നത് അപകടങ്ങൾ സർവ്വസാധാരണമായിരുന്നു. കൽക്കരി ഖനികളിലെ ജോലിയും അപായകരമായിരുന്നു.മേൽക്കൂരകൾ തകർന്നുവീണോ സ്ഫോടനങ്ങൾ ഉണ്ടായോ അപകടങ്ങൾ പതിവായിരുന്നു.

പ്രതിഷേധ പ്രസ്ഥാനങ്ങൾ

- വ്യവസായവൽക്കരണത്തിനെതിരെ നഗരങ്ങളിലെയും ഫാക്ടറികളിലെയും തൊഴിലാളികൾ പല രൂപത്തിലുള്ള പ്രതിഷേധങ്ങളിലൂടെ തങ്ങളുടെ കോപവും നിരാശയും പ്രകടിപ്പിച്ചു. 1790-കൾ മുതൽ രാജ്യമെമ്പാടും റൊട്ടി ലഹളകൾ അഥവാ ഭക്ഷ്യ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ജനങ്ങൾ റൊട്ടിയുടെ ശേഖരം പിടിച്ചെടുക്കുകയും ന്യായവിലക്ക് വിതരണം ചെയ്യുകയും ചെയ്തു. ലങ്കാ ഷെയറിലെ നിരാശരായ പരുത്തി നെയ്ത്തുകാർ തങ്ങളുടെ ഉപജീവനമാർഗം ഇല്ലാതാക്കിയത് യന്ത്രങ്ങളാണെന്ന് വിശ്വസിക്കുകയും, യന്ത്രത്തറികൾ നശിപ്പിക്കുകയും ചെയ്തു. യോർക്ക് ഷെയറിൽ പരമ്പരാഗതമായി ചെമ്മരി യാടുകളുടെ രോമം കൈ കൊണ്ട് മുറിച്ചെടുത്തിരുന്നവർ ഇതിനായി കൊണ്ടു വന്ന ഷിയറിങ്ങ് ഫ്രെയിംസ് എന്ന യന്ത്രങ്ങൾ നശിപ്പിച്ചു.

ലുഡിസം

- വ്യവസായവൽക്കരണത്തിനെതിരെ ഉയർന്നുവന്ന പ്രസ്ഥാനമാണ് ലുഡിസം.. ജനറൽ നെഡ്ഡ് ലുഡിന്റെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. അവരുടെ ആവശ്യങ്ങൾ മിനിമം കൂലി, സ്ത്രീവേല,ബാലവേല എന്നിവയുടെ മേലുള്ള നിയന്ത്രണം, തൊഴിൽ സംഘടനകളുടെ രൂപീകരണം എന്നിവയായി രുന്നു.

പീറ്റർലൂ കൂട്ടക്കൊല

- 1819 ൽ മാഞ്ചസ്റ്ററിലെ സെന്റ് പീറ്റേഴ്സ് ഫീൽഡിൽ എൺപതിനായിരത്തോളം തൊഴിലാളികൾ പങ്കെടുത്ത ഒരു ബഹുജന സമ്മേളനം നടന്നു.രാഷ്ട്രീയ സംഘടനാ സ്വാതന്ത്ര്യം, പൊതുസമ്മേളനം നടത്താനുള്ള സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം എന്നിവ അവകാശപ്പെടുന്നതിനാണ് അവർ ഒത്തുചേർന്നത്. ജനക്കൂട്ടത്തിലേക്ക് ഇരച്ചുകയറിയ സൈന്യം ഈ സമ്മേളനത്തെ നിഷ്ഠൂരമായി

അടിച്ചമർത്തി.ഈ സംഭവം പീറ്റർലൂ കൂട്ടക്കൊല എന്ന പേരിൽ അറിയപ്പെടുന്നു.

**6..ബ്രിട്ടനിലെ തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുത്താൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദമാക്കുക**

- ഫാക്ടറികളിൽ 9 വയസിന് താഴെയുള്ള കുട്ടികളെ പണിയെടുപ്പിക്കുന്നത് നിരോധിച്ചുകൊണ്ട് 1819 ൽ നിയമങ്ങൾ പാസ്സാക്കപ്പെട്ടു. 1833 ലെ നിയമമനുസരിച്ച് 9 വയസിനു താഴെയുള്ള കുട്ടികളെ പട്ടു ഫാക്ടറികളിൽ മാത്രം പണിയെടുക്കാൻ അനുവാദം നൽകി. 1847 ലെ ടെൻ അവേഴ്സ് ബിൽ , പുരുഷ തൊഴിലാളികളുടെ ജോലി സമയം ദിവസത്തിൽ 10 മണിക്കൂറാക്കി നിജപ്പെടുത്തി. 1842 ൽ പാസ്സാക്കിയ മൈൻസ് ആന്റ് കൊലിയറീസ് ആക്ട് പ്രകാരം പത്തു വയസിനു താഴെയുള്ള കുട്ടികളെയും സ്ത്രീകളെയും ഖനിയുടെ ഉൾഭാഗത്ത് പണിയെടുപ്പിക്കുന്നത് നിരോധിച്ചു. 1847 ൽ നിലവിൽ വന്ന ഫീൽഡേഴ്സ് ഫാക്ടറി നിയമപ്രകാരം 18 വയസിൽ താഴെയുള്ള കുട്ടികളെയും സ്ത്രീകളെയും ഒരു ദിവസം 10 മണിക്കൂറിലധികം പണിയെടുപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്തു

*****************************************************

# പ്രമേയം10. തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം

# (Displacing Indigenous Peoples)

**1. വടക്കേ അമേരിക്കയിലെ തദ്ദേശീയ ജനങ്ങളുടെ ജീവിതത്തിന്റെ സവിശേഷതകൾ പരിശോധിക്കുക.**

- വടക്കേ അമേരിക്കയിലെ ആദിമനിവാസികൾ ഏകദേശം 30,000 വർഷങ്ങൾക്ക് മുമ്പ് ഏഷ്യയിൽ നിന്നും വന്നതാണ്. നദീ തീരങ്ങളിലെ ഗ്രാമങ്ങളിൽ അവർ സംഘങ്ങളായാണ് താമസിച്ചിരുന്നത്. മത്സ്യവും, മാംസവും യഥേഷ്ടം ഉപയോഗിച്ചിരുന്നു. കാട്ടുപോത്തുകളെ അവർ വേട്ടയാടിയിരുന്നു.അവർ വ്യാപകമായ രീതിയിൽ കൃഷി ചെയ്തിരുന്നില്ല. ഗോത്രങ്ങൾക്കിടയിൽ തർക്കങ്ങൾ ഉണ്ടാകുമായിരുന്നു. സഖ്യങ്ങളും സൗഹൃദങ്ങളും സ്ഥാപിക്കുക, സമ്മാനങ്ങൾ കൈമാറുക എന്നിവ അവരുടെ പാരമ്പര്യത്തിന്റെ പ്രധാന സവിശേഷതകൾ ആയിരുന്നു. സാധനങ്ങൾ വില കൊടുത്ത് വാങ്ങിയില്ല മറിച്ച് അവ സമ്മാനങ്ങളായി കൈമാറിയിരുന്നു.നിരവധി ഭാഷകൾ സംസാരിച്ചിരുന്നു.

കരകൗശല വിദഗ്ദ്ധരും മനോഹരമായി വസ്ത്രം നെയ്യുന്നവരുമായിരുന്നു അവർ

**2. വടക്കേ അമേരിക്കയുടെ ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ പരിശോധിക്കുക.**

- വടക്കേ അമേരിക്ക ആർട്ടിക് വൃത്തം മുതൽ ഉത്തരായനരേഖ വരെയും പസഫിക് മുതൽ അറ്റ്ലാന്റിക് സമുദ്രം വരെയും വ്യാപിച്ചുകിടക്കുന്നു. റോക്കി പർവ്വതനിരകൾക്ക് പടിഞ്ഞാറു ഭാഗം നെവാദ - അരിസോണ മരുഭൂമികളും അതിനു പടിഞ്ഞാറായി സിയാറ - നൊവാദ പർവ്വതങ്ങളും സ്ഥിതി ചെയ്യുന്നു. കിഴക്ക് ഭാഗത്ത് വിശാലമായ സമതലങ്ങളും വൻ തടാകങ്ങളും,മിസ്സിസ്സിപ്പി, ഓഹിയോ താഴ്വരകളും അപ്പലേച്ചിയൻ മലനിരകളും സ്ഥിതി ചെയ്യുന്നു.തെക്ക് ഭാഗത്ത് മെക്സിക്കോയാണ്.

**3. പതിനെട്ടാം നൂറ്റാണ്ടിൽ റൂസ്സോയും വേർഡ്സ് വർത്തും അമേരിക്കൻ ജനതയെ നോക്കിക്കണ്ടതെങ്ങനെ?**

- യൂറോപ്യന്മാർക്ക് തദ്ദേശീയർ അപരിഷ്കൃതർ ആയിരുന്നു.എന്നാൽ ഫ്രഞ്ച് ചിന്തകനായ റൂസോ ഇവർ പ്രശംസിക്കപ്പെടേണ്ടവരാണെന്ന് അഭിപ്രായപ്പെട്ടു. കാരണം സംസ്ക്കാരത്തിന്റെ ജീർണത തീരെ ബാധിച്ചിട്ടില്ലാത്തവരാണവർ. വന്യതയ്ക്കിടയിൽ താമസിക്കുന്നവർക്ക് ഭാവനയേയും, വികാരത്തെയും കൂടുതൽ സുന്ദരമാക്കുവാൻ പരിമിതികളുണ്ടെന്നാണ് വില്യം വേർഡ്സ് വർത്തിന്റെ അഭിപ്രായം.

**4.അമേരിക്കയിലെ തദ്ദേശീയ ജനതയും, വൈദേശികരും തമ്മിൽ പുലർത്തിയ പരസ്പര വീക്ഷണങ്ങൾ പരിശോധിക്കുക.**

- തദ്ദേശിയർക്ക് തങ്ങൾ യൂറോപ്യന്മാർക്ക് കൈമാറുന്ന സാധനങ്ങളെല്ലാം സമ്മാനങ്ങളായിരുന്നു.എന്നാൽ യൂറോപ്യന്മാർക്ക് അത് യൂറോപ്പിൽ വിൽക്കുന്ന ചരക്കുകൾ മാത്രമായിരുന്നു. വനഭൂമിയെ കൃഷിഭൂമിയാക്കി മാറ്റുന്നതിനെ കുറിച്ചായിരുന്നു യൂറോപ്യന്മാർ സങ്കല്പിച്ചിരുന്നത്. തദ്ദേശീയർക്ക് കൃഷി എന്നത് സ്വന്തം ആവശ്യങ്ങൾക്ക് മാത്രമായിരുന്നു. അത് കച്ചവടത്തിനോ ലാഭമുണ്ടാക്കുന്നതിനോ ഉള്ള മാർഗ്ഗമായിരുന്നില്ല

**5. സ്വർണ്ണത്തിനായുള്ള ഇരച്ചു കയറ്റം എന്നാലെന്ത്? ഇത് അമേരിക്കയെ വ്യവസായവത്ക്കരണത്തിലേക്ക് നയിച്ചതെങ്ങനെ?**

- 1840 കളിൽ യു എസ് എയിലെ കാലിഫോർണിയയിൽ സ്വർണ്ണ നിക്ഷേപത്തിന്റെ ലക്ഷണങ്ങൾ കണ്ടെത്തി. ഇതേ തുടർന്ന് ആയിരക്കണക്കിന് യൂറോപ്യന്മാർ സ്വർണ്ണത്തിനായി അമേരിക്കയിലേക്ക് ഇരച്ചു കയറ്റം നടത്തി. വൻകര യിലുടനീളം റെയിൽപ്പാതകൾ നിർമ്മിക്കപ്പെട്ടു. ആയിരക്കണക്കിന് തൊഴിലാളി കളെ ഇതിനായി നിയോഗിച്ചു. യന്ത്രവത്ക്കരണത്തിലൂടെ വൻകിട ഉത്പാദനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാനഡയിലും യു.എസ്.എ യിലും വ്യാവസായിക നഗരങ്ങളും ഫാക്ടറികളും സ്ഥാപിക്കപ്പെട്ടു.1890കളോടെ യു.എസ്.എ ലോകത്തിലെ മുൻനിര വ്യാവസായിക രാഷ്ട്രമായി മാറി. വൻകിട കൃഷിയും ഇതോടൊപ്പം വികസിച്ചു.

**6. യൂറോപ്യൻ കുടിയേറ്റത്തിന്റെ കീഴിൽ ആസ്ട്രേലിയയുടെ സാമ്പത്തിക വികാസം വിലയിരുത്തുക**

- വിശാലമായ ഫാമുകളും(ആടുവളർത്തൽ കേന്ദ്രങ്ങളും) ഖനി മേഖലകളും സ്ഥാപിക്കപ്പെട്ടു. മുന്തിരി തോട്ടങ്ങളും ഗോതമ്പ് കൃഷിയും വികസിച്ചു. രാജ്യത്തിന്റെ അഭിവൃദ്ധിയുടെ അടിസ്ഥാനം ഇതായിരുന്നു.

**7. യൂറോപ്യൻ അധിനിവേശം ആസ്ത്രേലിയയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിലയിരുത്തുക**

- ക്യാപ്ടൻ കുക്കും സംഘവും ആസ്ട്രേലിയയിൽ എത്തിയപ്പോൾ തദ്ദേശീയ രുമായി ഏറ്റുമുട്ടലുകളുണ്ടായി. ഒരു തദ്ദേശീയൻ ക്യാപ്ടൻ കുക്കിനെ വധിക്കുകയും ചെയ്തു.ഈ സംഭവത്തെ തദ്ദേശീയ ജനതയുടെ മേലുള്ള അതിക്രമങ്ങളെ ന്യായീകരിക്കാൻ യൂറോപ്യന്മാർ ഉപയോഗിച്ചു. പകർച്ച വ്യാധികളാലും, ഭൂമി നഷ്ടപ്പെട്ടും, കുടിയേറ്റക്കാരുമായുള്ള യുദ്ധങ്ങളിലൂടെയും തദ്ദേശീയർ 90 ശതമാനത്തോളം ഇല്ലായ്മ ചെയ്യപ്പെടുകയുണ്ടായി. ബ്രിട്ടീഷ് കുറ്റവാളികളെ ആസ്ത്രേലിയയിലേക്ക് സ്ഥിരതാമസത്തിന് അയച്ചു. തദ്ദേശീയരെ കുടിയൊഴിപ്പിച്ച് അവരുടെ ഭൂമി കൈവശപ്പെടുത്തുന്നതിന് യൂറോപ്യൻമാർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല.

**8. "മഹത്തായ ആസ്ത്രേലിയൻ നിശബ്ദത" എന്ന ഗ്രന്ഥം ആസ്ത്രേലിയയിലെ ആദിമനിവാസികളെ കുറിച്ച് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും തുടക്കം കുറിച്ചു. പ്രസ്താവന സമർത്ഥിക്കുക.**

- 1968 ൽ നരവംശശാസ്ത്രജ്ഞനായ ഡബ്ലു.ഇ.എച്ച്. സ്റ്റാനർ മഹത്തായ

ആസ്ത്രേലിയൻ നിശബ്ദത എന്ന വിഷയത്തിൽ ഒരു പ്രഭാഷണം നടത്തി. ആദിമനിവാസികളുടെ കാര്യത്തിലുള്ള ചരിത്രകാരന്മാരുടെ നിശബ്ദതയെ കുറിച്ചായിരുന്നു ഈ പ്രഭാഷണം. ഈ പ്രഭാഷണം ജനങ്ങളെ ആവേശ ഭരിതരാക്കി.1970 കൾ മുതൽ വ്യത്യസ്ത സംസ്കാരത്തോടു കൂടിയ ജനസമൂഹം എന്ന നിലയിൽ തദ്ദേശീയരെ മനസ്സിലാക്കുന്ന രീതിയുണ്ടായി.ഇതുവരെയും പറയപ്പെടാതെ പോയ തദ്ദേശീയരുടെ ചരിത്രം രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഹെന്റി റെയ്നോൾഡ്സ് വൈ വേറിന്റ് വി ടോൾഡ് എന്ന ഗ്രന്ഥത്തിലൂടെ ഉന്നയിച്ചു. ക്യാപ്ടൻ കുക്കിന്റെ കണ്ടുപിടിത്തത്തോടെ ആസ്ത്രേലിയൻ ചരിത്രം ആരംഭിക്കുന്ന പ്രവണതയെ ഈ ഗ്രന്ഥം അപലപിച്ചു. പ്രാദേശിക സംസ്കാരങ്ങളെ കുറിച്ച് പഠിക്കുന്നതിന് സർവ്വകലാശാലകളിൽ പ്രത്യേകം വകുപ്പുകൾ സ്ഥാപിച്ചു. ആർട്ട് ഗാലറികളിൽ തദ്ദേശീയ കലാസൃഷ്ടികൾ സ്ഥാനം പിടിച്ചു. തദ്ദേശീയ സംസ്കാരത്തെ വിശദീകരിക്കുന്ന മ്യൂസിയങ്ങൾ വികസിച്ചു. തദ്ദേശീയർ സ്വയം അവരുടെ ചരിത്രത്തെ രേഖപ്പെടുത്താൻ തുടങ്ങുകയും ചെയ്തു.

**************************************************

# പ്രമേയം 11. ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ

# (Paths to Modernization)

**1. ഷോഗൺമാരുടെ കീഴിൽ ജപ്പാനിൽ നിലനിന്നിരുന്ന രാഷ്ട്രീയ വ്യവസ്ഥ എങ്ങനെയുള്ള തായിരുന്നു?**

- പന്ത്രണ്ടാംനൂറ്റാണ്ടോടെയാണ് ഷോഗൺമാർ ചക്രവർത്തിമാരിൽ നിന്ന് അധികാരം കൈവശപ്പെടുത്തുന്നത്. തൊക്കുഗുവ കുടുംബത്തിലെ അംഗങ്ങ ളാണ് 1603 മുതൽ 1867 വരെ ജപ്പാനിൽ ഷോഗൺ പദവി കൈയാളിയിരുന്നത്. ജപ്പാനെ 250- ലധികം പ്രാദേശിക മേഖലകളാക്കി വിഭജിക്കുകയും അവ ഡെയ്മിയോ എന്ന് വിളിക്കപ്പെടുന്ന പ്രഭുക്കന്മാരുടെ കീഴിലാക്കുകയും ചെയ്തിരുന്നു. അധികാരത്തിന് ഭീഷണിയാകാതിരിക്കാൻ അവരെ തലസ്ഥാന മായ എദോയിൽ തന്നെ ദീർഘകാലം താമസിക്കാൻ ഉത്തരവിടുകയും ചെയ്തു. യോദ്ധാക്കളായിരുന്ന സാമുറായ് ഷോഗൺമാരെയും ഡെയ്മിയോമാരെയും സേവിച്ചിരുന്നു.

**2. പതിനാറാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ജപ്പാന്റെ വികസനത്തിന് മാതൃകയായി നടപ്പിലാക്കിയ മൂന്ന് പ്രധാന മാറ്റങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുക.**

- ഒന്നാമതായി കർഷകരെ നിരായുധീകരിച്ചു. യുദ്ധങ്ങൾ അവസാനിപ്പിക്കാനും , സമാധാനം ഉറപ്പു വരുത്താനും ഇതിലൂടെ കഴിഞ്ഞു. രണ്ടാമതായി, ഡെയ്മിയോ മാരോട് അവരുടെ പ്രദേശങ്ങളുടെ തലസ്ഥാനങ്ങളിൽ താമസിക്കുവാൻ ആവശ്യപ്പെട്ടു. മൂന്നാമതായി, ഭൂസർവേ നടത്തി ഉടമകളെയും നികുതിദായ കരെയും കണ്ടെത്തി.

**3. ജപ്പാന്റെ ചരിത്രത്തിൽ മെയ്ജി പുനസ്ഥാപനത്തിന്റെ പ്രാധാന്യം പരിശോധിക്കുക.**

കമ്മഡോർ പെറിയുടെ ആഗമനം

- 1853 ൽ കമ്മഡോർ മാത്യു പെറിയെ അമേരിക്ക ജപ്പാനിലേക്ക് അയച്ചു. വ്യാപാര അനുമതി നേടുക, ജപ്പാനുമായി നയതന്ത്ര ബന്ധം സ്ഥാപിക്കുക എന്നിവയായിരുന്നു അമേരിക്കയുടെ ലക്ഷ്യങ്ങൾ . പെറിയുടെ ആഗമനം ജപ്പാന്റെ രാഷ്ട്രീയത്തിൽ സുപ്രധാന മാറ്റങ്ങൾ ഉണ്ടാക്കി.

മെയ്ജി പുനസ്ഥാപനം

- 1868-ൽ ഷോഗൺമാർ അധികാരത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. ചക്രവർത്തിയെ എദോയിലേക്ക് കൊണ്ടുവരികയും എദോയെ ടോക്കിയോ എന്ന് പുനർനാമകരണം ചെയ്യുകയും തലസ്ഥാനമാക്കി പ്രഖ്യാപിക്കുകയും ചെയ്തു. മെയ്ജി പുനസ്ഥാപനം എന്ന് ഇത് അറിയപ്പെടുന്നു.

**4. മെയ്ജി ഗവൺമെന്റിന്റെ പരിഷ്കാരങ്ങൾ വിവരിക്കുക.**

രാഷ്ട്രീയ പരിഷ്ക്കാരങ്ങൾ

- പുതിയ ഗവൺമെന്റ് ചക്രവർത്തി സമ്പ്രദായം രൂപപ്പെടുത്താൻ ശ്രമിച്ചു. സൈനികർ , ഉദ്യോഗസ്ഥർ എന്നിവരോടൊപ്പം ചക്രവർത്തിയും ഒരു സമ്പ്രദായ ത്തിന്റെ ഭാഗമാണെന്ന രീതിയാണിത്. ചക്രവർത്തി സൂര്യദേവതയുടെ നേരിട്ടുള്ള പിൻഗാമിയായി കണക്കാക്കപ്പെട്ടതിനാൽ അദ്ദേഹത്തോട് ഭയഭക്തി ബഹുമാന ത്തോടെ പെരുമാറണമായിരുന്നു. ചക്രവർത്തിയുടെ ജന്മദിനം ദേശീയ അവധിദിനമായി മാറി. പാശ്ചാത്യ രീതിയിലുള്ള സൈനീക യൂനിഫോമാണ് അദ്ദേഹം ധരിച്ചത്. പഴയ ഗ്രാമ - പ്രാദേശിക അതിർത്തിയിൽ മാറ്റം വരുത്തി ക്കൊണ്ട് ഒരു പുതിയ ഭരണനിർവഹണ സമ്പ്രദായം ഏർപ്പെടുത്തി. സൈന്യ

ത്തെയും ഉദ്യോഗസ്ഥരെയും ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാക്കി. പരിമിതമായ അധികാരമുള്ള ഡയറ്റ് എന്ന ഒരു പാർലമെന്റ് രൂപികരിച്ചു.

വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ

- 1870 കൾ മുതൽ ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായം ജപ്പാനിൽ ആരംഭിച്ചു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നിർബന്ധമാക്കി. 1910 ൽ വിദ്യാഭ്യാസം സാർവത്രീകമാക്കി. പാശ്ചാത്യ മാതൃക അടിസ്ഥാനമാക്കിയുള്ള ഒരു പാഠ്യപദ്ധതി രൂപപ്പെടുത്തി. എന്നിരുന്നാലും രാജ്യത്തോടുള്ള കൂറിനും ജപ്പാന്റെ ചരിത്ര പഠനത്തിനും ഊന്നൽ നൽകപ്പെട്ടു. വിദ്യാർത്ഥികളിൽ ധാർമ്മിക സംസ്ക്കാരം വളർത്തുന്നതിന് പ്രാധാന്യം നൽകി.

സൈനിക പരിഷ്ക്കാരങ്ങൾ.

- ഇരുപത് വയസ് തികഞ്ഞ എല്ലാ യുവാക്കളും ഒരു നിശ്ചിത കാലയളവ് സൈനീക സേവനം നടത്തണമായിരുന്നു. ആധുനിക രീതിയിലുള്ള ഒരു സൈന്യത്തെ അവർ വികസിപ്പിച്ചെടുത്തു.

നിയമ പരിഷ്ക്കാരങ്ങൾ

- രാഷ്ട്രീയ പാർട്ടികളുടെ രൂപീകരണത്തെ നിയന്ത്രിക്കുന്നതിനും കർശനമായ സെൻസർഷിപ്പ് ഏർപ്പെടുത്താനുമുള്ള നിയമ സംവിധാനം ഉണ്ടാക്കി.

സാമ്പത്തീക പരിഷ്ക്കാരങ്ങൾ

- കാർഷിക നികുതി ചുമത്തുക വഴി മൂലധനം സ്വരൂപിച്ചു. ജപ്പാനിലെ ആദ്യ റെയിൽപാത 1870-72-ൽ ടോക്കിയോക്കും യോക്കോഹാമയ്ക്കും ഇടയിൽ നിർമ്മിക്കപ്പെട്ടു. തുണി നെയ്ത്ത് യന്ത്രങ്ങൾ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്തു. ജപ്പാനിലെ വിദ്യാർത്ഥികളെ വിദേശങ്ങളിലേക്ക് അയച്ച് പഠിപ്പിച്ചു. 1872 ൽ ആധുനിക ബാങ്കിംഗ് സ്ഥാപനങ്ങൾ ആരംഭിച്ചു. മിത് സുബിഷി, സുമിതോമോ പോലുള്ള കമ്പനികൾക്ക് സബ്സിഡികളും നികുതി ഇളവുകളും നൽകി വൻ കപ്പൽ നിർമ്മാതാക്കളാകാൻ സഹായിച്ചു. വൻകിട ബിസിനസ് സംരംഭങ്ങളായ സെയ്ബറ്റ്സു സാമ്പത്തിക മേഖലയിൽ ആധിപത്യം സ്ഥാപിച്ചു.

**5. മറ്റ് രാജ്യങ്ങളുമുള്ള ജപ്പാന്റെ ബന്ധത്തെ കുറിച്ച് നിലവിലുണ്ടായിരുന്ന വ്യത്യസ്ത കാഴ്ചപ്പാടുകൾ ഏതൊക്കെയായിരുന്നു ?**

- പ്രമുഖ മെയ്ജി ബുദ്ധിജീവിയായ ഫുക്കുസവ യുകിചി ജപ്പാൻ നിർബന്ധമായും ഏഷ്യയെ പുറന്തള്ളണം എന്ന് ആഹ്വാനം ചെയ്തു. ജപ്പാൻ അതിന്റെ ഏഷ്യൻ സവിശേഷതകൾ ഒഴിവാക്കുകയും പാശ്ചാത്യ രീതികളുടെ ഭാഗമായിത്തീരുകയും വേണമെന്നാണ് അദ്ദേഹം അർത്ഥമാക്കിയത്. തത്വചിന്തകനായ മിയാകേ സെറ്റ്സുരെ ഓരോ രാഷ്ട്രവും ലോക സംസ്കാരത്തിന്റെ താല്പര്യത്തിനു വേണ്ടി തങ്ങളുടെ പ്രത്യേക കഴിവുകൾ വികസിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ജനകീയാവകാശ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന യുക്കി എമോറി ജപ്പാനിൽ ഒരു ഭരണഘടനാനുസൃതമായ ഗവൺമെന്റ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടു.

**6. ജപ്പാനിൽ ആക്രമണോത്സുക ദേശീയത വളർന്നുവരാനിടയാക്കിയ സാഹചര്യം വിലയിരുത്തുക.**

- മെയ്ജി ഭരണഘടന നിയന്ത്രിത വോട്ടവകാശത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. 1918 - നും 1931 - നുമിടയിൽ ജനങ്ങൾ തിരഞ്ഞെടുത്ത പ്രധാനമന്ത്രിമാരാണ് മന്ത്രിസഭകൾ രൂപീകരിച്ചിരുന്നത്. 1899 ൽ നിലവിൽ സേവനത്തിലുള്ള ജനറൽമാർക്കും അഡ്മിറൽമാർക്കും മാത്രമേ മന്ത്രിമാരാകാൻ സാധിക്കുകയുള്ളൂ എന്ന് പ്രധാനമന്ത്രി ഉത്തരവിട്ടു. ജപ്പാൻ പാശ്ചാത്യ ശക്തികളുടെ കാരുണ്യത്തിലാണോ എന്ന ഭീതി നില നിന്നു. നികുതി വർധനയിലൂടെ സൈന്യത്തിന് മൂലധനം സ്വരൂപിക്കാൻ ഈ ഭയത്തെ അവർ ഉപയോഗപ്പെടുത്തി.

**7 .യുദ്ധാനന്തര കാലഘട്ടത്തിലെ ജപ്പാന്റെ വളർച്ച അദ്ഭുതമായിരുന്നു. വിലയിരുത്തുക**

- ഒരു കൊളോണിയൽ സാമ്രാജ്യം പടുത്തുയർത്താനുള്ള ജപ്പാന്റെ ശ്രമം രാജ്യത്തെ രണ്ടാം ലോകമഹായുദ്ധത്തിൽ കൊണ്ടെത്തിച്ചു.യുദ്ധത്തിൽ സഖ്യശക്തികൾ ജപ്പാനെ പരാജയപ്പെടുത്തി.ഹിരോഷിമയിലും, നാഗസാക്കിയിലും അണുബോംബ് വർഷിച്ചു കൊണ്ടാണ് യുഎസ് സൈന്യം ജപ്പാനെ മുട്ടുകുത്തിച്ചത്.യുഎസ് സൈന്യത്തിന്റെ നിയന്ത്രണത്തിലായ ജപ്പാന്റെ സൈന്യത്തെ പിരിച്ചു വിട്ടു.രാജ്യത്ത് പുതിയ ഭരണഘടന നടപ്പിലാക്കി.രാഷ്ട്രീയ പാർട്ടികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചു.സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചു.രണ്ടാം ലോക മഹായുദ്ധത്തിലെ പരാജയത്തിനു ശേഷമുള്ള ജപ്പാന്റെ വളർച്ച വിസ്മയിപ്പിക്കുന്നതായിരുന്നു.1964 ൽ ടോക്കിയോയിൽ വച്ച് നടന്ന ഒളിമ്പിക്സ് ജപ്പാന്റെ ചരിത്രത്തിൽ ഒരു പുത്തൻ യുഗത്തിന് തുടക്കം

കുറിച്ചു.1964ൽ അതിവേഗ ബുള്ളറ്റ് ട്രെയിനുകൾ ആരംഭിച്ചു. വ്യവസായ വൽക്കരണം പരിസ്ഥിതിയെ ദോഷമായി ബാധിച്ചു.കാഡ്മിയം വിഷബാധ, മെർക്കുറി വിഷ ബാധ, വായുമലിനീകരണം തുടങ്ങിയ മാരകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായി.ധാരാളം പേർക്ക് ജീവഹാനി സംഭവിച്ചു. ഗവൺമെന്റ് പരിസ്ഥിതിപ്രശ്നങ്ങൾ തടയുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

**8. സൺ യാത് സെന്നിന്റെ മൂന്ന് തത്വങ്ങൾ വ്യക്തമാക്കുക.**

സൺ-യാത്-സെന്നിന്റെ മൂന്ന് തത്വങ്ങൾ സാൻ - മിൻ - ചുയി എന്നറിയപ്പെടുന്നു. അവ താഴെ കൊടുക്കുന്നു.

- 1. ദേശീയത - മഞ്ചു ഭരണാധികാരികളെയും വിദേശ ശക്തികളെയും പുറത്താക്കുക.
- 2. ജനാധിപത്യം - ചൈനയിൽ ജനാധിപത്യ ഗവണ്മെന്റ് സ്ഥാപിക്കുക.
- 3.സോഷ്യലിസം - മൂലധനം നിയന്ത്രിക്കുകയും ഭൂവുടമസ്ഥത തുല്യതപ്പെടു ത്തുകയും ചെയ്യുക.

**9. ചൈനയിലെ മെയ് നാല് പ്രസ്ഥാനം എന്താണ് ?**

- പാരിസ് സമാധാന സമ്മേളനത്തിന്റെ തീരുമാനങ്ങൾക്കെതിരെ ചൈനയിൽ ശക്ത മായ പ്രതിഷേധം ഉയർന്നുവന്നു. 1919 മെയ് 4 ന് ബെയ്ജിങ്ങിൽ ആരംഭിച്ച ഈ പ്രസ്ഥാനം മെയ് നാല് പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെട്ടു. ആധുനിക ശാസ്ത്രം, ജനാധിപത്യം, ദേശീയത എന്നിവയിലൂടെ ചൈനയെ രക്ഷിക്കാൻ ആഹ്വാനം നൽകി. വിദേശിയരെ പുറന്തള്ളാനും അസമത്വങ്ങൾ ഇല്ലാതാക്കാനും , ദാരിദ്ര്യം കുറയ്ക്കാ നും ഈ പ്രസ്ഥാനം ആവശ്യപ്പെട്ടു.

**10. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ച വ്യക്തമാക്കുക.**

- 1921 ലാണ് ചൈനീസ് കമ്മ്യുണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടത്.മാവോ സേ തുങ് ആയിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്. കർഷകരെ മുൻ നിർത്തിയുള്ള വിപ്ലവ പരിപാടികൾ അദ്ദേഹം ആവിഷ്ക്കരിച്ചു.കുമിന്താങ് ആക്രമ ണത്തിൽ നിന്നും രക്ഷ നേടാൻ മാവോയും കൂട്ടരും 1928 മുതൽ 1934 വരെ ജിയാങ്സി മലനിരകളിൽ താമസിച്ചിരുന്നു.അവിടെ അദ്ദേഹം ഒരു സോവിയറ്റ്

(കർഷക സമിതി) രൂപീകരിച്ചു.ഭൂമി പിടിച്ചെടുത്തു പുനർവിതരണം ചെയ്തു. കുമിന്താങ്ങുകളുടെ ആക്രമണത്തിൽ നിന്നും രക്ഷ നേടാൻ അവർ 6000 മൈൽ താണ്ടി ഷെൻസിയിലെ യെനാൻ എന്ന സ്ഥലത്തേക്ക് പോയി.ഇത് ചൈനീസ് ചരിത്രത്തിൽ ലോങ് മാർച്ച് (1934 -1935) എന്നറിയപ്പെടുന്നു. എന്നാൽ കുമിന്താങ്ങുകളെ പരാജയപ്പെടുത്തിക്കൊണ്ട് അവർ ചൈനയിൽ അധികാരം സ്ഥാപിച്ചു. 1949 ൽ ചൈനയിൽ ജനകീയ റിപ്പബ്ലിക് സ്ഥാപിതമായി. സ്വകാര്യ ഭൂവുടമസ്ഥാവകാശം നിർത്തലാക്കി.

**11. ആധുനിക ചൈനയുടെ ചരിത്രത്തിൽ സാംസ്ക്കാരിക വിപ്ളവത്തിന്റെ പ്രാധാന്യമെന്താണെന്ന് ചൂണ്ടിക്കാണിക്കുക.**

- 1965 ൽ മാവോ സാംസ്കാരിക വിപ്ലവം എന്ന പരിപാടി ആവിഷ്ക്കരിച്ചു. പഴയ സംസ്കാരം, പഴഞ്ചൻ ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കെതിരേയുള്ള ഒരു പ്രസ്ഥാനമായിരുന്നു ഇത്.യുക്തിപരമായ സംവാദങ്ങൾക്ക് പകരം മുദ്രാവാക്യങ്ങൾക്കു പ്രാധാന്യം നൽകി. സാംസ്ക്കാരിക വിപ്ലവം പ്രാവർത്തികമാക്കുന്നതിനു വേണ്ടി പ്രചാരണം നടത്തുന്നതിനായി വിദ്യാർത്ഥികളും സൈനീകരുമടങ്ങുന്ന "ചുവപ്പു സേന" (Red Guards) രൂപീകരിച്ചു.എന്നാൽ ഇത് ഒരു പരാജയമായിരുന്നു.

*********************************************